പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3266 — 14.10.2011-ൽ മറുപടിയ്ക്ക്

പ്രസരണ - വിതരണ നഷ്ടം.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. ദിവാകരൻ :<br>ശ്രീ. വി. എസ്. സുനിൽ കുമാർ :<br>ശ്രീ. വി. ശശി :<br>ശ്രീ. പി. തിലോത്തമൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി ശൃംഖലയുടെ പ്രസരണ - വിതരണ നഷ്ടം കുറയ്ക്കുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച പദ്ധതി നടപ്പാക്കാൻ കേരളത്തിന് ഗ്രാൻറ് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര കോടി രൂപ ഗ്രാൻറായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) വൈദ്യുതി ശൃംഖലയുടെ പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ആർ. എ. പി. ഡി. ആർ..പി. ഇതിൻെറ പാർട്ട് (ബി) പദ്ധതി പ്രകാരം അടങ്കൽ തുകയുടെ 25% കേന്ദ്ര സർക്കാരിൽ നിന്നും വായ്പയായി ലഭിക്കുന്നതാണ്. പ്രസ്തുത പദ്ധതി വിജയകരമായും സമയബന്ധിതമായും പൂർത്തിയാക്കുന്ന പക്ഷം വായ്പാതുകയുടെ 50% വരെ ഗ്രാൻറായി ലഭിയ്ക്കുന്നതാണ്. കേര ളത്തിൽ ആർ. എ. പി. ഡി. ആർ. പി. പാർട്ട് (ബി) പദ്ധതി പ്രകാരം 872.17 കോടി രൂപ അടങ്കൽ തുകയ് ക്കുള്ള പദ്ധതിയ്ക്കാണ് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ളത്. ഇതിൽ 218 കോടി രൂപയാണ് വായ്പയായി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത്. പദ്ധതി തുകയുടെ 15% അഡ്വാൻസ് ലോണായി (Rs. 130.82 കോടി) കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. |

ഈ പദ്ധതിയുടെ പാർട്ട്-എ യുടെ ഭാഗമായിട്ടുള്ള ഐ.ടി. ഇംപ്ളിമെൻേറഷനായി 214.39 കോടി രൂപ കേന്ദ്ര സഹായമായി അംഗീകരിച്ചിട്ടുണ്ട്. പാർട്ട്-എ യുടെ ഭാഗമായിട്ടുള്ള SCADA നടപ്പിലാക്കുന്നതിനുവേണ്ടി 83.15 കോടി രൂപയും കേന്ദ്ര സഹായമായി അംഗീകരിച്ചിട്ടുണ്ട്. ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതോടുകൂടി മേൽപ്പറഞ്ഞ കേന്ദ്ര സഹായം ഗ്രാൻറായി മാറുന്നതാണ്.

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാനായി കരാർ നൽകിയതുമായി ബന്ധപ്പെട്ട് അഴിമതിയാരോപണങ്ങൾ ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം ആരോപണങ്ങളാണ് ഉന്നയിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതിയുടെ പാർട്ട്-എയുടെ ഭാഗമായിട്ടുള്ള ഐ.ടി ഇംപ്ളിമെൻേറഷനുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പരാതികൾ ലഭിച്ചിട്ടുണ്ട്.

1. ഒമ്നി അഗേറ്റ് സിസ്റ്റംസ് ലിമിറ്റഡ് അയച്ച 09-06-2010 ലെ കത്ത്. ഒമ്നി അഗേറ്റിന് ലഭിച്ച ടെക്നിക്കൽ സ്കോർ 50ൽ 33.8 ആണ്. മിനിമം സ്കോർ ആയ 35 ലഭിക്കാത്തതിനാൽ ഒമ്നി അഗേറ്റ് കമ്പനി നോൺ റെസ്പോൺസീവായി. അവരുടെ ഫിനാൻഷ്യൽ ബിഡ് നിയമാനുസരണം തുറക്കാതെ തിരിച്ച് നൽകി. ഇതുമായി ബന്ധപ്പെട്ടാണ് പരാതി നൽകിയത്.
2. വിപ്രോ ലിമിറ്റഡ് അയച്ച 14-06-2010 ലെ കത്ത്. അവർക്ക് ലഭിച്ച ടെക്നിക്കൽ സ്കോർ കുറഞ്ഞുപോയി എന്നതുമായി ബന്ധപ്പെട്ടാണ് പരാതി നൽകിയത്.

കസ ബാൻഡ് വിഡ്ത് ചാർജ്ജ് ഇനത്തിൽ ടെണ്ടർ പ്രകാരം 5 വർഷം ക്വാട്ട് ചെയ്യേണ്ടതിന് പകരം 3 വർഷത്തേയ്ക്ക് ക്വാട്ട് ചെയ്തു. ടെണ്ടർ നിബന്ധനകൾ പ്രകാരം പ്രൈസ് ലോഡിംഗ് വരുത്തി ഇത് 5 വർഷത്തേയ്ക്കുള്ള ബാൻഡ് വിഡ്ത് ചാർജ്ജ് ആക്കി ഇവാല്യുവേറ്റ് ചെയ്തു. ഇതുമായി ബന്ധപ്പെട്ടാണ് പരാതി നൽകിയത്.

4. ആർ. എ. പി. ഡി. ആർ. പി പദ്ധതിയുമായി ബന്ധപ്പെട്ട കരാർ റദ്ദു ചെയ്യണമെന്ന ആവശ്യം 29-09-2010 ൽ അന്നത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നൽകിയ കത്തു മുഖേന ആവശ്യപ്പെട്ടു. പ്രധാനമായും ടെൻഡർ നടപടികളിലെ അപാകതകൾ ചൂണ്ടിക്കാട്ടിയാണ് പരാതി നൽകിയത്.

ഈ പശ്ചാത്തലത്തിൽ 27-12-2010 ലെ G. O (Rt) No.281/10/PD പ്രകാരം 04-09-2010 ലെ ഗവൺമെൻറ് ഉത്തരവ് (ഐ. ടി ഇംപ്ളിമെൻേറഷൻ കെ. ഡി. എൻ. നു നൽകാൻ അനുവദിച്ചുകൊണ്ടുള്ളത്) റദ്ദു ചെയ്യു കയും

റീ-ടെൻഡർ ചെയ്യാനുള്ള നടപടികൾ കൈകൊള്ളാൻ കെ. എസ്. ഇ. ബി. യോട് നിർദ്ദേശിക്കുകയും ചെയ്തു.

(സി) റീ സ്ട്രക്ചേഡ് ആക്സിലേറേറ്റഡ് പവർ ഡവലപ്പ്മെൻറ് റിഫോംസ് പ്രോഗ്രാം എന്ന ഈ പദ്ധതി ഇനി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ?

(സി) ഐ. ടി ഇംപ്ളിമെൻേറഷന് M/s. കൊറിയ ഇലക്ട്രിക് പവർ ഡേറ്റാ നെറ്റ് വർക്ക് കമ്പനിക്ക് അനുവദിച്ചു നൽകിയ നടപടി റദ്ദു ചെയ്യുകയും റീ-ടെൻഡർ ചെയ്യാനുള്ള നടപടികൾ കൈക്കൊള്ളാൻ ബോർഡിനോട് നിർദ്ദേശിക്കുകയും ചെയ്തു കൊണ്ടുള്ള 27-12-2010-ലെ സർക്കാർ ഉത്തരവ് സ്റ്റേ ചെയ്തു കൊണ്ടുള്ള ഒരു ഉത്തരവ് ടി കമ്പനി WP (C) No. 311/2011 മുഖേന ബഹു. ഹൈക്കോടതിയിൽ നിന്നും സമ്പാദിച്ചു. കോടതി നടപടികൾ തീർപ്പായതിനു ശേഷം ഈ പദ്ധതി നടപ്പിലാക്കുന്നതാണ്.

ഈ പദ്ധതിയുടെ പാർട്ട്-എ യുടെ ഭാഗമായിട്ടുള്ള സ്കാഡ ഇംപ്ളിമെൻേറഷൻ നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

സെക്ഷൻ ഓഫീസർ.